# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6397 21.11.2019 ൽ മറുപടിക്ക്**

**മെയിൻ സെൻട്രൽ റോഡിന്റെ നവീകരണ പ്രവർത്തികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) മെയിൻ സെൻട്രൽ റോഡിന്റെ നവീകരണ പ്രവൃത്തികൾ എത്ര ഘട്ടങ്ങളായി നടന്നു വരുന്നു എന്നും ഓരോ ഘട്ടങ്ങളുടെയും നിലവിലെ സ്ഥിതിയും വെളിപ്പെടുത്തുമോ; | എ) ലോകബാങ്ക് ധനസഹായത്തോടു കൂടി നടപ്പിലാക്കുന്ന കെ എസ് ടി പി രണ്ടാം ഘട്ട പദ്ധതിയിൽ എം സി റോഡ് നവീകരണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| ബി) നവീകരണം നടന്ന സ്ഥലങ്ങളിലെ പഴയ ഭാഗങ്ങൾ ശരിയായി സംരക്ഷിക്കാത്തത് മൂലം അനധികൃത കയ്യേറ്റങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | ബി) റോഡിന്റെ പല ഭാഗങ്ങളിലും അനധികൃത കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇരുവശങ്ങളിലുമായി വഴിയോര കച്ചവടം, കെട്ടിടത്തിന്റെ ഇറക്കുകൾ മറ്റ് നിർമ്മിതികൾ തുടങ്ങിയവ കാണപ്പെടുന്നു. നവീകരണം നടത്തിയ ഭാഗങ്ങളിൽ അനധികൃത കയ്യേറ്റങ്ങൾ പല പ്രാവശ്യം ഒഴിപ്പിച്ചിട്ടുള്ളതാണ്. |
| സി) പ്രസ്തുത ഭാഗങ്ങൾ സംരക്ഷിച്ച് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ നിലനിർത്തുന്നതിനുള്ള ചുമതല നൽകിയിട്ടുള്ളത് ആർക്കാണ്; സംരക്ഷണത്തിനായി അവർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ? | സി) പ്രസ്തുത ഭാഗങ്ങൾ സംരക്ഷിച്ച് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ നിലനിർത്തുന്നതിനുള്ള ചുമതല വകുപ്പിലെ എഞ്ചിനീയർമാർക്കാണ്. കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള ഭാഗത്ത് മാതൃകാ സുരക്ഷിത ഇടനാഴിയിൽ ഉൾപ്പെടുത്തി റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ റോഡിന്റെ അതിർത്തി നിർണ്ണയിച്ചു വരുന്നു. കയ്യേറ്റങ്ങൾ അടയാളപ്പെടുത്തിയ സ്കെച്ച് റവന്യൂ വകുപ്പിൽ നിന്നും ലഭിക്കുന്നതനുസരിച്ച് കയ്യേറ്റക്കാർക്ക് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ഒഴിപ്പിക്കൽ നോട്ടീസ് നൽകുകയും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം | പദ്ധതിയുടെ പേര് | കരാർ തുക (കോടി) | നിലവിലെ പുരോഗതി |
|---|---|---|---|
| 1 | മാതൃകാ സുരക്ഷാ ഇടനാഴി - കഴക്കൂട്ടം മുതൽ അടൂർ വരെ | 146.63 | 76% പണികൾ പൂർത്തീകരിച്ചു. |
| 2 | അടൂർ - ചെങ്ങന്നൂർ റോഡ് (21.23 കി മീ) | 93.59 | ദർഘാസുകളുടെ മൂല്യനിർണ്ണയം പൂർത്തിയായി. കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 3 | ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡ് (45.40 കിമീ) | 293.58 | പണി പൂർത്തീകരിച്ചു |
| 4 | ഏറ്റുമാനൂർ- മൂവാറ്റുപുഴ റോഡ് ( 40.96 കി. മീ) | 171.49 | പണി പൂർത്തീകരിച്ചു |

സെക്ഷൻ ഓഫീസർ